നം.ആർ.ആർ.1/45834/2019/ഡി.ജി.ഇ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി : 16-01-2020

പൊതു വിദ്യാഭ്യാസ ഡയറക്ടർ.

എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.

സർ,

വിഷയം:- പൊതുവിദ്യാഭ്യാസം- നവകേരളം - 6-01-2020-ൽ നടന്ന ഉപന്യാസ രചനാ മത്സരത്തിന്റെ വിവരങ്ങൾ -സംബന്ധിച്ച്.

സൂചന:- ആർ.ആർ(1)45834/19/ഡിജിഇ നമ്പരായ 01-01-2020, 04-01-2020 എന്നീ തീയതികളിലെ സർക്കുലറുകൾ.

. . . . .

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. 'നവകേരളം' എന്ന വിഷയത്തെ ആസ്പദമാക്കി 6-01-2020-ൽ നടത്തിയ ഉപന്യാസ രചനാ മത്സരത്തിൽ താങ്കളുടെ അധികാര പരിധിയിൽ വരുന്ന എത്ര സ്കൂളുകൾ പങ്കെടുത്തുവെന്നും, ഓരോ സ്കൂളുകളിലും എത്ര കുട്ടികൾ പങ്കെടുത്തെന്നുമുള്ള വിദ്യാഭ്യാസ ജില്ലാ തല എണ്ണവും സ്കൂളുകളിൽ നിന്നും നൽകിയ മികച്ച രചനകൾ എത്ര എണ്ണം താങ്കളുടെ ഓഫീസിൽ ലഭിച്ചിട്ടുണ്ട് എന്ന കണക്കും ഇന്ന് (16-01-2020) വൈകിട്ട് 5 മണിക്ക് മുമ്പായി supdtrr.dge@kerala.gov.in എന്ന മെയിലിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകേണ്ടതാണ്. ബഹു. മുഖ്യമന്ത്രിക്ക് 5.30 ന് റിപ്പോർട്ട് നൽകേണ്ടതിനാൽ അതീവ പ്രാധാന്യം ഇക്കാര്യത്തിൽ കൈക്കൊള്ളേണ്ടതാണ്.

ജില്ലാ വിദ്യാഭ്യാസ തലത്തിൽ ലഭിച്ച ഉപന്യാസങ്ങൾ മൂല്യ നിർണ്ണയം നടത്തി 14-01-2020 നു മുമ്പായി The Director, State Council of Educational Research and Training (SCERT), Poojappura, Thiruvananthapuram -695 012 എന്ന വിലാസത്തിൽ നൽകണമെന്ന് 04-01-2020 ലെ സർക്കുലറിൽ നിർദ്ദേശിച്ചിരുന്നു. ആയത് അയച്ചുകൊടുക്കാത്ത ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ പ്രസ്തുത അഡ്രസ്സിൽ ഇന്ന് 4 മണിക്ക് മുമ്പായി ഉപന്യാസം നിർബന്ധമായും അയച്ചുകൊടുക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,

(ഒപ്പ്)

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

പകർപ്പ്:- എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
(അടിയന്തര ഇടപെടൽ ഇക്കാര്യത്തിൽ നടത്തേണ്ടതാണ്.)

ആർ.കെ.

പുറത്തെഴുത്ത് നം. എ5/PDL/20 dt. 17/1/2020

നവകേരളം ഉപന്യാസ രചനാ മത്സരത്തിൽ ഓരോ സ്കൂളിൽ നിന്നും പങ്കെടുത്ത കുട്ടികളുടെ എണ്ണം ഇന്ന് (17/1/20) ഒരു മണിക്കുള്ളിൽ ഈ കാര്യാലയത്തിലേക്ക് അറിയിക്കേണ്ടതാണ്

(ഒപ്പ്)
DEO